# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 653 — 28/9/2016 -ൽ മറുപടിക്ക്

## വെള്ളക്കരം

### ചോദ്യം

ശ്രീ. എം.ഉമ്മർ

(എ) അഞ്ച് വർഷത്തിനുള്ളിൽ വെള്ളക്കരം വർദ്ധിപ്പിക്കില്ല എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

### മറുപടി

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പ്രവർത്തനമികവിലൂടെ ലാഭകരമായ അവസ്ഥയിൽ എത്തിക്കുവാനാണ് കേരള വാട്ടർ അതോറിറ്റി ഉദ്ദേശിക്കുന്നത്. പ്രവർത്തന മികവ് നേടുവാനായി സമഗ്ര പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ചിലവ് കുറക്കുക, വരുമാനം വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക എന്നീ മാർഗ്ഗങ്ങളാണ് ലക്ഷ്യം കൈവരിക്കുന്നതിനായി മുന്നിൽ കണ്ടിട്ടുള്ളത്.

(1) ജലനഷ്ടം പരമാവധി കുറയ്ക്കുക

ഇതിനായി കാലപ്പഴക്കം ചെന്നതും കേടുപാടുകൾ സംഭവിച്ചിട്ടുള്ളതുമായ പൈപ്പുകൾ (പ്രധാനമായും എ.സി, പ്രിമോ പൈപ്പുകൾ) മാറ്റി ഗുണമേന്മയുള്ള പൈപ്പുകൾ സ്ഥാപിക്കുക, പൈപ്പ് പൊട്ടലുകൾ ഉണ്ടാകുമ്പോൾ കാലതാമസം കൂടാതെ അടിയന്തിരമായി ചോർച്ച പരിഹരിച്ച് ജലനഷ്ടം ഒഴിവാക്കുക, അറ്റകുറ്റപണികൾ യഥാസമയം നിർവ്വഹിക്കുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ പ്രധാന ജലവിതരണ പദ്ധതികളിലും നടപ്പിലാക്കുക എന്നിവ ഉദ്ദേശിക്കുന്നു. കൂടാതെ ജലശുദ്ധീകരണ ശാലകളുടെ അറ്റകുറ്റ പണികൾ നടത്തി ജലനഷ്ടം പരമാവധി കുറക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(2) പ്രവർത്തന ചിലവ് കുറക്കുക

ഊർജ്ജ സംരക്ഷ പ്രവർത്തനങ്ങളിലൂടെ വൈദ്യുത ഉപഭോഗം പരമാവധി

കുറക്കുന്നതിനായി പഴയ പമ്പുകളും മോട്ടോറുകളും മാറ്റി എനർജി എഫിഷ്യന്റ് ആയ പമ്പുകളും മോട്ടോറുകളും സ്ഥാപിക്കുക, എനർജി ഓഡിറ്റ് നടത്തി ഊർജ്ജ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കുക, വിവിധ ചെറുകിട പദ്ധതികൾക്ക് പകരം സമഗ്ര പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ മാൻപവർ കോസ്റ്റും ഊർജ്ജ ചിലവും പരമാവധി കുറയ്ക്കുക, ജലശുദ്ധീകരണശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെ രാസവസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുക പുതിയ പദ്ധതികൾ സമയബന്ധിതമായും നിശ്ചിത അടങ്കലിനുള്ളിലും ഗുണനിലവാരം ഉറപ്പുവരുത്തിയും പൂർത്തിയാക്കുന്നതിലൂടെ പദ്ധതി ചെലവുകൾ ഗണ്യമായി കുറയ്ക്കുക, എന്നിവയ്ക്കാവശ്യമായ സ്ഥാപന ശാക്തീകരണവും പുനക്രമീകരണങ്ങളും ഇതിനോടകം നടപ്പിലാക്കി കഴിഞ്ഞു.

ജല അതോറിറ്റിയുടെ വരുമാനത്തിന്റെ അടിസ്ഥാനം ഗാർഹിക-ഗാർഹികേതര കണക്ഷനുകളാണ്. കണക്ഷൻ മേളകൾ സംഘടിപ്പിച്ച് പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും കണക്ഷനുകൾ നൽകി പൊതുജനാരോഗ്യ സംരക്ഷണത്തിനോപ്പം ജല അതോറിറ്റിയുടെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. കണക്ഷൻ നടപടികൾ ലഘൂകരിക്കുന്നതിലൂടെയും ജല അതോറിറ്റി തന്നെ കണക്ഷൻ നേരിട്ട് നൽകുന്നതിലൂടെയും കണക്ഷനുകൾ വേഗത്തിൽ നൽകുവാനും പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുവാനും സാധിക്കും. ബില്ലിംഗിനും കണക്ഷനുമുള്ള കമ്പ്യൂട്ടർ സംവിധാനം എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതുവഴി കളക്ഷൻ എഫിഷ്യൻസിയും വരുമാനവും പരമാവധി വർദ്ധിപ്പിക്കുവാൻ സാധിക്കും. റവന്യൂ കളക്ഷൻ മോണിട്ടർ ചെയ്യുന്നതിനായി പ്രത്യേക റവന്യൂ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ

| | | | |
|---|---|---|---|
| | | | പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുകയും കുടിശ്ശിഖ പിരിച്ചെടുക്കുന്നതിൽ കൂടുതൽ കർക്കശ്ശമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. 2016 കുടിശ്ശിക നിവാരണ വർഷമായി ആചരിക്കുന്നു. |
| (ബി) | പ്രസ്തുത കർമ്മ പരിപാടിയുടെ പ്രാരംഭ ഘട്ടമെന്ന നിലയിൽ വാട്ടർ അതോറിറ്റിക്കു നൽകുമെന്ന് പ്രഖ്യാപിച്ച സഹായം നൽകാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മേൽ സൂചിപ്പിച്ച കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവ് ഏത് രീതിയിൽ കണ്ടെത്തുമെന്ന് വിശദമാക്കാമോ? | (സി) | ഇതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റ് വഴിയും അധിക തുക മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി Kerala Infrastructure Investment Fund Board (KIIFB) വഴിയും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ